**NATIONAL**

**News**

**MALAYALAM**

**KALAKAUMUDI**

**Bombay**

**DECEMBER 1993**



A NEWSPAPER FOR KERALITES LIVING AWAY FROM HOME

# കലാകൗമുദി

Reg. No. 49829/90 Regd. No. MH/BY/SOUTH-209 Vol. No.4 Issue No. 254 — ബോംബെ 1993 ഡിസംബർ 26 ഞായർ

സ്പെഷൽ റിപ്പോർട്ട് — കലാകൗമുദി 1993 ഡിസംബർ 26 ഞായർ 9

## ആർക്കും വേണ്ടാത്തവർക്ക് ഒരിടം

### ഒരു രോഗിയുടെ ഡയറിക്കുറിപ്പ്...

### 'ശ്രദ്ധ'

### ഷൈസോ ഫ്രീനിയ

# മാതൃഭൂമി

2013 നവംബർ 20 ബുധനാഴ്ച · 1189 വൃശ്ചികം 5 · www.mathrubhumi.com · Mathrubhumi, The National Daily in Malayalam · വില: ₹

Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam • Malappuram • Kollam • Palakkad • Alappuzha • Mumbai • Chennai • Bangalore • Delhi • Dubai · മലപ്പുറം


### 'ശ്രദ്ധ'യുടെ കാരുണ്യകരം നീണ്ടു;

## 18 വർഷത്തിന് ശേഷം സേതുമാധവൻ നാട്ടിലെത്തി

**പെരിന്തൽമണ്ണ:** 'ശ്രദ്ധ' റിഹാബിലിറ്റേഷൻ ഫൗണ്ടേഷനിൽ സ്വന്തം വിലാസം എഴുതിക്കൊടുക്കുമ്പോൾ ജനിച്ചുവളർന്ന നാട്ടിലേക്കും വീട്ടുകാരിലേക്കുമുള്ള വഴി സേതുമാധവന് മുന്നിൽ തുറക്കുകയായിരുന്നു. മുംബൈയിലെ തെരുവിൽ അലഞ്ഞ 18 വർഷങ്ങൾക്ക് വിട നൽകി സേതുമാധവൻ തിരികെയെത്തുമ്പോൾ പെരിന്തൽമണ്ണ ആലിപ്പറമ്പ് കാളികാവ് പുത്തൻവീട്ടിൽ തിരികെ ലഭിച്ചത് നഷ്ടപ്പെട്ട സന്തോഷം.



സേതുമാധവൻ(വലത്തേ അറ്റം)സഹോദരങ്ങൾക്കും 'ശ്രദ്ധ' പ്രതിനിധികൾക്കുമൊപ്പം പെരിന്തൽമണ്ണ പോലീസ്‌സ്റ്റേഷനിൽ

പരേതനായ ഗോപാലൻ നായരുടെയും മീനാക്ഷിക്കുട്ടി അമ്മയുടെയും മകനായ ഈ നാവികസേനാംഗത്തെ 1995 ലാണ് കാണാതാകുന്നത്. ഏറെക്കാലത്തെ അന്വേഷണങ്ങൾ വഴിമുട്ടിയപ്പോൾ പ്രതീക്ഷയറ്റ നിലയിലായിരുന്നു അവിവാഹിതനായ സേതുമാധവന്റെ കുടുംബം. നാവികസേനയിൽ ജോലിചെയ്യുന്നതിനിടെയാണ് ചെറിയതോതിൽ മാനസികാസ്വാസ്ഥ്യം തുടങ്ങിയത്. ആരോടും പറയാതെ ജോലിസ്ഥലത്തുനിന്ന് പോയ സേതുമാധവനെ സേന കണ്ടെത്തുകയും ശിക്ഷാനടപടിയെന്ന നിലയ്ക്ക് ആൻഡമാനിലേക്ക് സ്ഥലം മാറ്റുകയും ചെയ്തു. ഇതോടെ അസ്വാസ്ഥ്യം കൂടി. തുടർന്ന് സേന മുൻകൈയെടുത്ത് വായുസേനയുടെ ആസ്പത്രിയിലും നിംഹാൻസിലും ചികിത്സ നൽകിയതിന് ശേഷം വീട്ടിലേക്കയച്ചു. 18 വർഷം മുമ്പ് പെട്ടെന്നൊരുദിവസം വീട്ടിൽനിന്ന് ഈ 48-കാരനെ കാണാതാവുകയായിരുന്നു. വീട്ടുകാർ നടത്തിയ അന്വേഷണങ്ങൾ ഫലം കണ്ടതുമില്ല.

ഇക്കഴിഞ്ഞ ആഗസ്റ്റ് 23-നാണ് മുംബൈയിലെ ചർച്ച്ഗേറ്റ് റെയിൽവേസ്റ്റേഷൻ പരിസരത്തുനിന്ന് അവശനിലയിൽ ഇദ്ദേഹത്തെ 'ശ്രദ്ധ' റിഹാബിലിറ്റേഷൻ ഫൗണ്ടേഷൻ പ്രവർത്തകർ കണ്ടെത്തിയത്.

ഇവർ നൽകിയ ചികിത്സയെത്തുടർന്ന് സംസാരശേഷിയും ആരോഗ്യവും വീണ്ടെടുത്ത സേതുമാധവനോട് വിലാസം അന്വേഷിച്ചപ്പോൾ എഴുതി നൽകി. ഇതാണ് വീട്ടുകാരെ കണ്ടെത്താൻ സഹായകമായത്. തുടർന്ന് പിൻകോഡ് പ്രകാരം അന്വേഷിച്ച് പെരിന്തൽമണ്ണ പോലീസ്‌സ്റ്റേഷനുമായി ബന്ധപ്പെട്ടു. ആൾ ഇതുതന്നെയാണെന്ന് ഉറപ്പാക്കിയ ശേഷം ചൊവ്വാഴ്ച വൈകിട്ട് മൂന്നുമണിയോടെ പെരിന്തൽമണ്ണയിലെത്തിക്കുകയായിരുന്നു. 'ശ്രദ്ധ'യുടെ സൈക്യാട്രിക് കോ-ഓർഡിനേറ്ററും മലയാളിയുമായ കോട്ടയം സ്വദേശി ഡെനിറ്റ് മാത്യു, സോഷ്യൽ വർക്കർ വിജയ് ഭവമനെ എന്നിവരാണ് സേതുമാധവനെ പെരിന്തൽമണ്ണയിൽ എത്തിച്ചത്. തുടർന്ന് സഹോദരങ്ങളായ ഷൺമുഖരാജ്, സത്യനാരായണൻ എന്നിവർ സ്റ്റേഷനിലെത്തി സേതുമാധവനെ സ്വീകരിച്ചു. കടുങ്ങപുരത്തുള്ള അമ്മ മീനാക്ഷിക്കുട്ടി അമ്മയുടെ അടുത്തേക്കാണ് ആദ്യം പോയത്. 18 വർഷത്തെ കാത്തിരിപ്പിന്റെ വിരാമം സന്തോഷാശ്രുവിൽ അലിഞ്ഞു.

**NATIONAL**
**News**

**MALAYALAM**

**MATHRUBHUMI**
**Malappuram**

**NOVEMBER 2013**

**NATIONAL**

**News**

**MALAYALAM**

**MADHYAMAM**

**Gulf Edition**

**NOVEMBER 2013**

www.madhyamam.com

മാധ്യമം

Estd: 1987

പുസ്തകം 12

ലക്കം 229

പേജ് 16

വില 5.00 രൂപ

2013 നവംബർ 20 ബുധൻ

THE FIRST INTERNATIONAL INDIAN NEWSPAPER

KOZHIKODE | THIRUVANANTHAPURAM | KOTTAYAM | KOCHI | MALAPPURAM | KANNUR | THRISSUR | BANGALORE | GULF MADHYAMAM | BAHRAIN | DUBAI | QATAR | KUWAIT | JEDDAH | RIYADH | DAMMAM | ABHA | OMAN

മലപ്പുറം

# ഓർമകളുടെ കൈപിടിച്ച് സേതുമാധവൻ നാടണഞ്ഞു

പെരിന്തൽമണ്ണ: തിരിച്ചുകിട്ടില്ലെന്ന് കരുതിയിരുന്ന സഹോദരനെ കൺകുളിർക്കെ കണ്ടപ്പോൾ ഷൺമുഖരാജിന്റെയും സത്യനാഥിന്റെയും കണ്ണുകൾ ഈറനണിഞ്ഞു. 18 വർഷം മുമ്പ് കാണാതായ മധ്യവയസ്കനെ മുംബൈയിലെ സന്നദ്ധ സംഘടനാ പ്രവർത്തകർ നാട്ടിലെത്തിച്ച നിമിഷമാണ് ഓർമകളുടെ തിരതല്ലലിന് വേദിയായത്.

പെരിന്തൽമണ്ണ ആലിപ്പറമ്പ് കാളികടവ് പുത്തൻവീട്ടിൽ പരേതനായ ഗോപാലൻനായരുടെ മകൻ സേതുമാധവനെയാണ് (48) മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ശ്രദ്ധ റീഹാബിലിറ്റേഷൻ ഫൗണ്ടേഷൻ പ്രവർത്തകർ ചൊവ്വാഴ്ച ബന്ധുക്കളെ ഏൽപ്പിച്ചത്. മാനസികവൈകല്യമുള്ള ഇയാളെ കഴിഞ്ഞ ആഗസ്റ്റ് 23ന് മുംബൈയിലെ ചർച്ച്ഗേറ്റ് റയിൽവേ സ്റ്റേഷനിൽനിന്നാണ് ഫൗണ്ടേഷൻ പ്രവർത്തകർ പുനരധിവാസ കേന്ദ്രത്തിലെത്തിച്ചത്. അവശനിലയിൽ കണ്ടെത്തിയതിനാൽ മൂന്നുമാസം ചികിത്സയും പരിചരണവും നൽകി.



സേതുമാധവൻ (വലത്തേയറ്റം) സഹോദരങ്ങൾക്കും ശ്രദ്ധ പ്രവർത്തകർക്കുമൊപ്പം



മുംബൈയിൽ റെയിൽവേ സ്റ്റേഷനിൽനിന്ന് കണ്ടെത്തുമ്പോൾ സേതുമാധവൻ

സേതുമാധവൻ എഴുതിനൽകിയ വിലാസത്തിന്റെ അടിസ്ഥാനത്തിലാണ് സംഘടനയുടെ സൈകാട്രിക് കോഓഡിനേറ്ററും കോട്ടയം സ്വദേശിയുമായ ഡെനിറ്റ് മാത്യു, സാമൂഹിക പ്രവർത്തകൻ വിജയ് ഭാവമനൈ എന്നിവർ ചൊവ്വാഴ്ച വൈകീട്ട് മൂന്നോടെ പെരിന്തൽമണ്ണ പൊലീസ് സ്റ്റേഷനിലെത്തിച്ചത്. പൊലീസ് വിവരം ആലിപ്പറമ്പിലെ ബന്ധുക്കളെ അറിയിച്ചു.

തുടർന്ന് സഹോദരൻമാരായ ഷൺമുഖരാജ്, സത്യനാഥ് എന്നിവർ സ്റ്റേഷനിലെത്തി തിരിച്ചറിഞ്ഞു. കടുങ്ങപുരത്ത് താമസിക്കുന്ന അമ്മ മീനാക്ഷിക്കുട്ടിയമ്മയുടെ അടുത്തേക്കാണ് അവിവാഹിതനായ സേതുമാധവനെ കൊണ്ടുപോയത്. സംസാരം അവ്യക്തമായതിനാൽ ഇത്രയും നാൾ എവിടെയായിരുന്നുവെന്ന് മനസ്സിലാക്കാനായിട്ടില്ല.

പത്തുവർഷത്തോളം നേവിയിൽ ഉദ്യോഗസ്ഥനായിരുന്ന സേതുമാധവനെ 1995ലാണ് കാണാതായത്. ആൻഡമാനിലേക്ക് സ്ഥലംമാറ്റം ലഭിച്ച ഇയാൾക്ക് തിരിച്ച് നാട്ടിലെത്തിയപ്പോഴാണ് മാനസികാസ്വാസ്ഥ്യം പ്രകടമായത്. ബംഗളൂരുവിലെ എയർഫോഴ്സ് ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു.

നേവിയിൽനിന്ന് പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിച്ചില്ല. ഇടക്കിടെ കാണാതാകാറുണ്ടെങ്കിലും അധികം താമസിയാതെ തിരിച്ചുവരുമായിരുന്നു.

അവസാനം കാണാതായി ഏറെ കഴിഞ്ഞിട്ടും തിരിച്ചുവരാത്തതിനെ തുടർന്ന് ബന്ധുക്കൾ പൊലീസിൽ പരാതി നൽകുകയും സ്വന്തം നിലക്ക് അന്വേഷണം നടത്തുകയും ചെയ്തിരുന്നു.

25 വർഷമായി മുംബൈയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ശ്രദ്ധ ഫൗണ്ടേഷൻ. സംഘടന ഇതിനകം റോഡരികിലും റയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും മറ്റും കഴിഞ്ഞിരുന്ന മൂവായിരത്തോളം പേരെ കണ്ടെത്തി ബന്ധുക്കളെ ഏൽപ്പിച്ചിട്ടുണ്ട്.

**NATIONAL**

**News**

**MALAYALAM**

**MALAYALA MANORAMA**

**NOVEMBER 2013**


20
നവംബർ 2013
ബുധൻ
1189 വൃശ്ചികം 5

# മലയാള മനോരമ

ESTABLISHED 1888

മലപ്പുറം
20 പേജ്
₹ 5.00

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബാംഗ്ലൂർ | ഡൽഹി | മംഗലാപുരം | ബഹ്റൈൻ | ദുബായ്

ISSN-0972-0022 www.manoramaonline.com


## 18 വർഷത്തിനുശേഷം സേതുമാധവനെത്തി; പുത്തൻവീടിന്റെ കാത്തിരിപ്പ് സഫലം

പെരിന്തൽമണ്ണ ● 18 വർഷങ്ങൾക്കു ശേഷം ആലിപ്പറമ്പ് പുത്തൻവീട്ടിലേക്ക് ഒരു വീട്ടുകാരനെത്തി, അതിഥിയായി. പുത്തൻവീട്ടിൽ ഗോപാലൻ നായരുടെ മകൻ സേതുമാധവനെ(48) 18 വർഷം മുൻപാണ് കാണാതായത്.

നേവിയിൽ ജോലിചെയ്യുന്നതിനിടെ മാനസിക അസ്വാസ്ഥ്യമുണ്ടായി. എയർഫോഴ്സ് ഹോസ്പിറ്റലിൽ ചികിൽസ നടത്തി, ഫലം കാണാതെ വന്നതിനെ തുടർന്നു ജോലി മതിയാക്കി. 10 വർഷം രാജ്യത്തെ സേവിച്ചെങ്കിലും ആനുകൂല്യങ്ങളൊന്നും സേതുമാധവനു ലഭിച്ചില്ലെന്നു ബന്ധുക്കൾ പറയുന്നു.

പിന്നീട് ബന്ധുക്കളുടെ സംരക്ഷണയിലും ചികിൽസയിലിരിക്കെ ഒരു ദിവസം കാണാതായി. പോകാൻ സാധ്യതയുള്ള ഇടങ്ങളിലൊക്കെ നാട്ടുകാരും വീട്ടുകാരും അന്വേഷണം നടത്തി. ഒടുവിൽ ഇന്നലെ അപ്രതീക്ഷിതമായി അവരുടെ മുന്നിലേക്കു സേതുമാധവൻ എത്തി.



സേതുമാധവൻ

മുംബൈയിലെ ശ്രദ്ധ റിഹാബിലിറ്റേഷൻ പ്രവർത്തകരാണ് സേതുമാധവനെ കണ്ടെത്തി നാട്ടിലെത്തിച്ചത്. കഴിഞ്ഞ ഓഗസ്റ്റ് 23ന് മുംബൈയിലെ ചർച്ച്ഗേറ്റ് റയിൽവേ സ്റ്റേഷനടുത്തുവച്ചാണ് അവശനിലയിൽ അലഞ്ഞുതിരിയുന്ന അയാളെ ശ്രദ്ധയുടെ ആളുകൾ കണ്ടെത്തിയത്.

മൂന്നുമാസത്തോളം വിദഗ്ധ ചികിൽസ നടത്തി. രോഗം അൽപ്പം സുഖപ്പെട്ടതോടെ വീട്ടിലെ വിലാസവും വിശദവിവരങ്ങളും സേതുമാധവൻതന്നെയാണ് അവരോട് പറഞ്ഞത്. പിന്നീട് വീടുകണ്ടെത്താനായി ശ്രദ്ധ പ്രവർത്തകനായ കോട്ടയം സ്വദേശി ദെനിത്ത് മാത്യുവിന്റെയും സുഹൃത്തുക്കളുടെയും ശ്രമം.

ഒടുവിൽ പെരിന്തൽമണ്ണ പൊലീസുമായി ബന്ധപ്പെട്ട് ഇന്നലെ ഉച്ചയോടെയാണ് ദെനിത്ത് മാത്യുവും സൈക്യാട്രിക് കോ-ഓർഡിനേറ്റർ വിജയ് ഭാഗമനെയും ചേർന്ന് അയാളെ പെരിന്തൽമണ്ണയിലെത്തിച്ചത്. വിവരമറിയിച്ചതനുസരിച്ച് സഹോദരങ്ങളായ ഷണ്മുഖരാജും സത്യനാരായണനും പൊലീസ് സ്റ്റേഷനിലെത്തിയിരുന്നു. സഹോദരങ്ങളുടെ പുനഃസമാഗമം കണ്ടുനിന്നവർക്കും ഹൃദയസ്പർശിയായി.

**NATIONAL**

**News**

**MALAYALAM**

**MALAYALA MANORAMA**

**JULY 2018**

Malayala Manorama.

മലയാള മനോരമ

ABLISHED 1888

# ഡോ.ഭരത് വട്ട്വാനിക്കും സോനം വാങ്ചുക്കിനും മാഗ്സസെ

മനില● ഏഷ്യയിലെ അത്യുന്നത ബഹുമതിയായ റമൺ മാഗ്സസെ അവാർഡ് രണ്ട് ഇന്ത്യക്കാർ ഉൾപ്പെടെ ആറു പേർക്ക്. ഡോ.ഭരത് വട്ട്വാനി, സോനം വാങ്ചുക്ക് എന്നിവരാണു പുരസ്കാര ജേതാക്കളായ ഇന്ത്യക്കാർ.

യൗക് ചാങ് (കംബോഡിയ), മരിയ ഡിലൂർദ് മാർട്ടിൻസ് ക്രൂസ് (കിഴക്കൻ തിമൂർ), ഹൊവാർഡ് ഡീ (ഫിലിപ്പീൻസ്), വോ തി ഹൊയാങ് യെൻ (വിയറ്റ്നാം) എന്നിവരും 50,000 ഡോളറും പ്രശംസാപത്രവും ഉൾപ്പെടുന്ന അവാർഡിന് അർഹരായി.

ഫിലിപ്പീൻസ് പ്രസിഡന്റായിരുന്ന റമൺ മാഗ്സസെയുടെ സ്മരണാർഥം ഏർപ്പെടുത്തിയ പുരസ്കാരം അദ്ദേഹത്തിന്റെ ജന്മദിനമായ ഓഗസ്റ്റ് 31നു സമ്മാനിക്കും.

മനോദൗർബല്യം മൂലം തെരുവിൽ അലഞ്ഞുതിരിയുന്നവർക്കു ഭക്ഷണവും അഭയവും നൽകി, അവരെ തന്റെ ക്ലിനിക്കിൽ കൊണ്ടുവന്നു ചികിൽസിച്ചു ബന്ധുക്കളെ ഏൽപിച്ചുവിടുന്ന സൽക്കർമത്തിനാണു ഡോ.ഭരതിന് അവാർഡ്. ഇതിനായി ഡോ.ഭരതും ഭാര്യയും ചേർന്ന് 1998ൽ ശ്രദ്ധ പുനരധിവാസ ഫൗണ്ടേഷൻ രൂപവൽക്കരിച്ചിരുന്നു.



ഭരത് വട്ട്വാനി



സോനം വാങ്ചുക്ക്

'ത്രീ ഇഡിയറ്റ്സ്' എന്ന സിനിമയിൽ നായകനായ ആമിർഖാന്റെ കഥാപാത്രമായ റാഞ്ചോയ്ക്കു പ്രചോദനമായതു സോനം വാങ്ചുക്കിന്റെ പ്രവർത്തനമായിരുന്നു. ലഡാക്കിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്താനുള്ള ചിട്ടയാർന്ന പ്രവർത്തനത്തിലൂടെയാണു സോനം ശ്രദ്ധേയനായത്. 1996ൽ ലഡാക്കിൽ അഞ്ചു ശതമാനം പേർ മാത്രമാണു മെട്രിക്കുലേഷൻ ജയിച്ചിരുന്നത്. പരസ്പരം സഹായിച്ചുള്ള പഠനമാർഗം അവലംബിച്ചു 2015ൽ വിജയശതമാനം 75 ആക്കി ഉയർത്താൻ സോനത്തിനു കഴിഞ്ഞു.

KERALA

News

MALAYALAM

CHANDRIKA DAILY

Thiruvananthapuram

JULY 2018

ചന്ദ്രിക

## വദ്വാനിക്കും വാങ്ചുകിനും പുരസ്കാരം

# മഗ്സസെയിൽ ഇന്ത്യൻ തിളക്കം

മനില: ഏഷ്യയുടെ നോബൽ പുരസ്കാരമെന്ന് വിശേഷിപ്പിക്കുന്ന രമൺ മഗ്സസെ പുരസ്കാരത്തിളക്കത്തിൽ ഇന്ത്യയും. രണ്ട് പുരസ്കാരങ്ങളാണ് ഇന്ത്യക്ക് ലഭിച്ചത്. സാമൂഹ്യ, പരിസ്ഥിതി പ്രവർത്തനങ്ങളെ മുൻ നിർത്തിയാണ് ഭരത് വദ്വാനിയും സോനം വാങ്ചുകും പുരസ്കാരം നേടിയത്.

പൊതുസേവനം, സാമുദായിക നേതൃത്വം, പത്ര പ്രവർത്തനം, സർക്കാർ സേവനം, സമാധാനം എന്നിവ കണക്കിലെടുത്ത് ഫിലിപ്പിൻസ് സർക്കാർ നൽകുന്ന പുരസ്കാരമാണ് മഗ്സസെ. ഫിലിപ്പിൻസ് പ്രസിഡണ്ട് രമൺ മഗ്സസെയുടെ ഓർമ്മയ്ക്കായാണ് പുരസ്കാരം നൽകുന്നത്. തെരുവിൽ അലയുന്ന മാനസിക വെല്ലുവിളി നേരിടുന്ന



ഭരത് വദ്വാനി, സോനം വാങ്ചുക്

ആയിരക്കണക്കിന് പേരെ ചികിത്സിച്ച് കുടുംബങ്ങളിലേക്ക് തിരിച്ചയ്ക്കുന്ന മഹത്തായ പ്രവർത്തനം കണക്കിലെടുത്താണ് ഭരത് വടാനിക്ക് പുരസ്കാരം ലഭിച്ചത്. സംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സാമുഹ്യപുരോഗതിയ്ക്കായി നടത്തിയ പ്രവർത്തനങ്ങളാണ് പരിസ്ഥിതി പ്രവർത്തകൻ കൂടിയായ വാങ്ചുകിനെ പുരസ്കാരത്തിന് അർഹനാക്കിയത്. നിലവിലെ വിദ്യാഭ്യാസ രീതികളെ പൊളിച്ചെഴുതുന്ന രീതിയിലാണ് വാങ്ചുകിയുടെ പ്രവർത്തനങ്ങൾ.

രാജ് കുമാർ ഹിരാനിയുടെ 'ത്രീ ഇഡിയറ്റ്സ്' എന്ന ചിത്രത്തിൽ ആമിർഖാൻ ചെയ്ത കഥാപാത്രം സോനം വാങ്ചുകിയിൽ നിന്ന് പ്രചോദനം ഉൾകൊണ്ട് രൂപപ്പെട്ടതാണ്. കംബോഡിയയുടെ യുക്ചാങ്, കിഴക്കൻ തിമൂറിന്റെ മരിയ ഡി ലോർദേസ് മാർട്ടിൻസ്, ഫിലിപ്പൈൻസിന്റെ വോ തി, വിയറ്റ്നാമിന്റെ ഹോങ് യെൻ എന്നിവരാണ് മറ്റു പുരസ്കാര ജേതാക്കൾ.

ഓഗസ്റ്റ് 31ന് ഫിലിപ്പിൻസിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം ജേതാക്കൾക്ക് സമ്മാനിക്കും.

**NATIONAL**
**News**

**MALAYALAM**

**MATHRUBHUMI**

**AUGUST 2018**



**KERALA**
**News**

**MALAYALAM**

**KERALA KAUMUDI**
**Thiruvananthapuram**

**NOVEMBER 2020**


EXTENDED e PAPER

109 വർഷങ്ങൾ 4 തലമുറകൾ

# കേരള കൗമുദി

SINCE 1911 FOUNDER EDITOR: K. SUKUMARAN B.A

26 നവംബർ 2020 1196 വൃശ്ചികം 11

FACEBOOK /keralakaumudi MAIL news@kaumudi.com YOU TUBE /kaumudy WEBSITE keralakaumudi.com YOU TUBE /keralakaumudinewslive വാർത്തകൾ ശബ്ദ രൂപത്തിൽ കേൾക്കാം


# കാണാതായ മാനസികാസ്വാസ്ഥ്യമുള്ള വീട്ടമ്മയെ ഒഡിഷയിൽ കണ്ടെത്തി

പോത്തൻകോട്: പത്തുവർഷങ്ങൾക്ക് മുമ്പ് വീട്ടിൽ നിന്ന് കാണാതായ മാനസികാസ്വാസ്ഥ്യമുള്ള വീട്ടമ്മയെ സന്നദ്ധ പ്രവർത്തകർ ഒഡിഷയിൽ നിന്ന് കണ്ടെത്തി നാട്ടിലെത്തിച്ചു. അയിരൂപ്പാറ കൊടിക്കുന്നിൽ സ്വദേശി ശാന്തയാണ് (60) നീണ്ടനാളുകൾക്ക് ശേഷം നാട്ടിലെത്തിയത്.

വർഷങ്ങൾക്കു മുമ്പ് ഭർത്താവ് ഉപേക്ഷിച്ചുപോയ ശാന്തയ്ക്ക് ഒരു മകൾ മാത്രമാണ് ഉണ്ടായിരുന്നത്. പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് മകൾ ട്രെയിനിൽ നിന്ന് വീണ് മരിച്ചതോടെയാണ് ഇവരുടെ മാനസികനില തീർത്തും തകരാറിലായത്.

തുടർന്ന് 2011ൽ ഇവരെ കാണാതാവുകയായിരുന്നു. വീട്ടുകാരും ബന്ധുക്കളും പലസ്ഥലങ്ങളിലും അന്വേഷിച്ചെങ്കിലും കണ്ടെത്താനായില്ല. സംഭവത്തിൽ അന്വേഷണം നടത്തിയ പോത്തൻകോട് പൊലീസിനും യാതൊരു വിവരവും ലഭിച്ചില്ല. 2012ൽ ശാന്തയെ കണ്ടെത്താനായില്ലെന്ന്കാട്ടി പൊലീസ് കോടതിയിൽ റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. എന്നാൽ വീട് വിട്ടിറങ്ങിയ ശാന്ത കറങ്ങിത്തിരിഞ്ഞെത്തിയത് ഒഡിഷയിലാണ്. അലഞ്ഞുതിരിഞ്ഞു നടന്ന ഇവരെ ആസിയ മിഷൻ എന്ന സന്നദ്ധ സംഘടന തെരുവിൽ നിന്ന് ഏറ്റെടുത്ത് സംരക്ഷിച്ചു.

ഇതിനിടെ, മാനസിക വൈകല്യംമൂലം തെരുവിൽ അലയുന്നവരെ കണ്ടെത്തി പരിപാലിക്കുന്ന വെസ്റ്റ് മുംബയ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രദ്ധ റീഹാബിലിറ്റേഷൻ ഫൗണ്ടേഷൻ മൂന്നു മാസം മുമ്പ് ശാന്തയെ ഏറ്റെടുത്തു. ഇവിടത്തെ ചികിത്സയിലൂടെ മാനസികാരോഗ്യം വീണ്ടെടുത്ത ശാന്ത തന്റെ വീടിനെക്കുറിച്ച് അധികൃതരോട് പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ അവർ പോത്തൻകോട് പൊലീസുമായി ബന്ധപ്പെടുകയും ശാന്തയെ സ്വന്തം വീട്ടിലെത്തിക്കാനുള്ള നടപടികൾ ആരംഭിക്കുകയായിരുന്നു.

സന്നദ്ധ പ്രവർത്തകയായ മുംബയ്സ്വദേശിനിസുലക്ഷണയോടൊപ്പംഇന്നലെരാവിലെ9ന്പോത്തൻകോട് സ്റ്റേഷനിൽ എത്തിയ ശാന്തയെ സഹോദരൻ ജോർജെത്തി തിരിച്ചറിഞ്ഞു.

കോടതിയിൽ ഹാജരാക്കിയ ശാന്തയെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം ബന്ധുക്കൾക്ക് കൈമാറി. ഇവരെ സുരക്ഷിതയായി തിരികെയെത്തിച്ച സുലക്ഷണയെ പോത്തൻകോട് പൊലീസ് ഉപഹാരം നൽകി ആദരിച്ചു.



*കൊടിക്കുന്നിൽ സ്വദേശി ശാന്ത സന്നദ്ധ പ്രവർത്തക സുലക്ഷണയ്ക്കൊപ്പം*

Transferred from Snehalaya, Kerala

**KERALA**
**News**

**MALAYALAM**

**CHANDRIKA**
**Kannur**

**APRIL 2025**

Reunited in Hooghly, West Bengal

10
ഏപ്രിൽ 2025
വ്യാഴം
1446 ശവ്വാൽ 11
1200 മീനം 27
കണ്ണൂർ
പേജ് 12. വില ₹ 9.00
www.chandrikadaily.com

ചന്ദ്രിക
ESTD 1934

# ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | ദുബൈ | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
RNI No.KERMAL/1996/03265. REGISTERED NO. KL/KNR/16/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

# ഹാറൂൺ മാലിക് കുടുംബത്തിലണഞ്ഞു 32 വർഷത്തിന് ശേഷം

കണ്ണൂർ: മരിച്ചുവെന്ന് കരുതിയിരുന്ന പശ്ചിമബംഗാൾ സ്വദേശി കുടുംബത്തോടൊപ്പം ചേർന്നു, 32 വർഷത്തിന് ശേഷം. പൂർവ സമാഗത്തിൽ ആഹ്ലാദമെത്തി കണ്ടുനിന്നവരിലും. പശ്ചിമ ബംഗാൾ ഹൂഗ്ലി ജില്ലയിലെ കോട്ടൽപൂർ സ്വദേശി എം.ഡി ഹാറൂൺ മാലികാണ് വർഷങ്ങൾക്ക് ശേഷം കുടുംബാംഗങ്ങളുടെ അടുത്തെത്തിയത്.




ഹാറൂൺ മാലിക് കുടുംബത്തോടൊപ്പം(ഇടത്തു നിന്ന് മൂന്നാമത് ഹാറൂൺ)

കണ്ണൂർ തണൽ സ്നേഹ വീടിന്റെയും കാസർകോട് സ്നേഹാലയുടെയും മുംബൈ ശ്രദ്ധ ഫൗണ്ടേഷന്റെയും കരുതലിലായിരുന്നു ഈ പുനസമാഗമം. 2021 ഏപ്രിൽ 25ന് കണ്ണൂർ നഗരത്തിൽ ഒറ്റപ്പെട്ട അവസ്ഥയിൽ കഴിഞ്ഞിരുന്ന ഹാറൂണിനെ തണൽ സംഘത്തിന്റെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. മാനസികാരോഗ്യ പ്രശ്നങ്ങളോ മറ്റോ ഉള്ള വ്യക്തിയായിരുന്നില്ല ഹാരൂൺ. തൊഴിൽതേടി പല സ്ഥലങ്ങളിലും പോയിരുന്ന അദ്ദേഹം ഒരിക്കൽ ജോലി ആവശ്യമായി പോയശേഷം തിരികെയെത്തിയില്ലെന്ന് വീട്ടുകാർ പറയുന്നു. ജോലിചെയ്ത സ്ഥലത്ത് ബന്ധുക്കൾ തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. അതേസമയം ജോലിസ്ഥലത്ത് അദ്ദേഹം മയക്കുമരുന്നുകൾ ഉപയോഗിക്കാൻ തുടങ്ങിയെന്നും മനോവൈകൃതങ്ങൾ കാണിച്ചെന്നുമായിരുന്നു. വിവരം. ഈ പശ്ചാത്തലത്തിൽ നീണ്ടവർഷങ്ങൾ ഹാറൂൺ കുടുംബത്തിൽ നിന്നും ഒറ്റപ്പെടുകയായിരുന്നു.

ഹിന്ദി ഭാഷ സംസാരിക്കുന്ന ഹാറൂണിനെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച ശേഷം ബന്ധപ്പെടാൻ കുടുംബത്തെ അന്വേഷിക്കുകയായിരുന്നു തണൽ സ്നേഹ വീട് ഭാരവാഹികളും ജീവനക്കാരും. ഒടുവിൽ വർഷങ്ങൾക്ക് ശേഷം ഹാറൂൺ മാതാവ്, സഹോദരി, സഹോദരൻ, സഹോദരന്റെ മകൻ, ഗ്രാമവാസികൾ എന്നിവരുടെ അരികിലെത്തി.